# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ. 773

23..07..2012 – ൽ ബഹു: ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി മറുപടി പറയേണ്ടത്

## ദേശീയ സമ്പാദ്യ പദ്ധതി ഏജൻറുമാരുടെ ആനുകൂല്യങ്ങൾ

**ചോദ്യം**

ശ്രീ. എം ഹംസ
ശ്രീ. എസ് രാജേന്ദ്രൻ
ശ്രീമതി പി. അയിഷാ പോറ്റി

**ഉത്തരം**

ശ്രീ. കെ.എം. മാണി,
ബഹു: ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പുമന്ത്രി

| | | |
|---|---|---|
| എ | ദേശീയ സമ്പാദ്യ പദ്ധതി ഏജൻറുമാരുടെ ആനുകൂല്യങ്ങൾ സംബന്ധിച്ച് ഏറ്റവും ഒടുവിൽ കൈക്കൊണ്ട തീരുമാനങ്ങൾ വിശദമാക്കുമോ ; | 16.06.2012 ലെ സർക്കാർ ഉത്തരവ് (സാധ) നം. 5933/12/ധന പ്രകാരം ദേശീയ സമ്പാദ്യ പദ്ധതിയിലെ മഹിളാപ്രധാൻ ഏജൻറുമാർ/ എസ്.എ.എസ് ഏജൻറുമാരുടെ സേവനം ദേശീയ സമ്പാദ്യ സമാഹരണത്തോടൊപ്പം, സംസ്ഥാന സർക്കാരിൻെറ വികസന സാമൂഹ്യ ക്ഷേമ മേഖലകളിൽ കൂടി പ്രയോജന-പ്പെടുത്താനും ഈ അധിക സേവനം അവരുടെ നിക്ഷേപ സമാഹരണ പ്രയത്നത്തിന് ആനുപാതികമായി നിശ്ചയിച്ച് മഹിളാ പ്രധാൻ ഏജൻറ്മാർക്ക് 5.25 ശതമാനം വരേയും എസ്.എ.എസ് ഏജൻറുമാർക്ക് 1.1 ശതമാനം വരേയും പ്രതിഫലം നൽകുവാനും തീരുമാനമായിട്ടുണ്ട്. ഇതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. |

| | | |
|---|---|---|
| ബി | നിലവിലുളള ഏതെല്ലാം ആനുകൂല്യങ്ങളാണ് സർക്കാർ ഉത്തരവിലൂടെ വേണ്ടെന്ന് വച്ചിരിക്കുന്നത്; | സംസ്ഥാന സർക്കാർ മഹിളാ പ്രധാൻ ഏജന്റുമാർക്ക് അവർ സമാഹരിക്കുന്ന തുകയുടെ ഏകദേശം 3.96% അലവൻസും 1.23% ബോണസും നൽകിവന്നിരുന്നു. എന്നാൽ 13-ാം ധനകാര്യ കമ്മീഷൻ നിർദ്ദേശ പ്രകാരം, ദേശീയ സമ്പാദ്യ പദ്ധതി ഫണ്ടിനെക്കുറിച്ച് പഠിക്കാൻ കേന്ദ്ര സർക്കാർ നിയോഗിച്ച ശ്രീമതി ശ്യാമള ഗോപിനാഥ് ചെയർപേഴ്സണായ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ 25.11.2011-ൽ പുറപ്പെടുവിച്ച F1/12/2011-NS-11 നോട്ടിഫിക്കേഷൻ പ്രകാരം സംസ്ഥാന സർക്കാർ നൽകിവന്നിരുന്ന അലവൻസ്/ ബോണസ് എന്നിവ നിർത്തലാക്കേണ്ടി വന്നു. എന്നാൽ ഏജന്റുമാരുടെ സാമൂഹ്യ സാമ്പത്തിക സാഹചര്യങ്ങൾ പരിഗണിച്ച് അവരുടെ സേവനം സംസ്ഥാന സർക്കാരിന്റെ വികസന സാമൂഹ്യ ക്ഷേമ മേഖലകളിൽ പ്രയോജനപ്പെടുത്തി, ഈ അധിക സേവനം അവരുടെ നിക്ഷേപ സമാഹരണ |
| സി | ഏജന്റുമാർക്ക് ലഭിച്ചുവന്നിരുന്ന അലവൻസുകളിലും ബോണസിലും വരുത്തിയ മാറ്റം എന്താണ്? | പ്രയത്നത്തിന് ആനുപാതികമായി നിശ്ചയിച്ച് മഹിളാ പ്രധാൻ ഏജന്റുമാർക്ക് 5.25 ശതമാനം വരെയും എസ്.എ.എസ് ഏജന്റുമാർക്ക് 1.1 ശതമാനം വരെയും പ്രതിഫലം നൽകുവാൻ 16.06.2012 ലെ സർക്കാർ ഉത്തരവ് (സാധ) നം. 5933/12/ധന പ്രകാരം തീരുമാനമായിട്ടുണ്ട്. ദേശീയ സമ്പാദ്യ പദ്ധതി മഹിളാപ്രധാൻ/ എസ്.എ.എസ് ഏജന്റുമാർക്ക് കമ്മീഷൻ നൽകുന്നതും വർദ്ധിപ്പിക്കുന്നതും കേന്ദ്ര ഗവൺമെന്റാണ്. മഹിളാപ്രധാൻ ഏജന്റു-മാർക്ക് അവർ സമാഹരിക്കുന്ന തുകയുടെ 4% വും എസ്.എ.എസ് ഏജന്റുമാർക്ക് ½% വും കമ്മീഷൻ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ